**Athmaraksha.org**

പോർനാഗ്രഫി, ദുഷ്ട കൂട്ടുകെട്ടുകൾ

## പോർണോഗ്രഫി എങ്ങനെയാണ് വ്യക്തികളെയും കുടുംബങ്ങളെയും തകർക്കുന്നത്?




"പോർണോഗ്രഫി ആസ്വദിക്കുകയും അതിന് അടിമപ്പെടുകയും ചയ്യുന്നവരുടെ കുടുംബത്തിൽ സംഭവിക്കാൻ 95 ശതമാനം സാധ്യതയുള്ള രണ്ട് പ്രധാന പരിണതഫലങ്ങൾ: ഒന്ന്, ജീവിതപങ്കാളിയുമായുള്ള ലൈംഗികബന്ധത്തിലെ അസംതൃപ്തി (കാരണം ഇത്തരക്കാർ സംതൃപ്തി നല്കുന്ന ലൈംഗിക ബന്ധങ്ങൾ എന്നു കരുതി മനസിൽ സൂക്ഷിക്കുന്നവ യാഥാർത്ഥ്യവുമായി തെല്ലും ബന്ധമില്ലാത്ത ചില മായക്കാഴ്ചകളാണ്). രണ്ട്, ദാമ്പത്യ അവിശ്വസ്തത (പങ്കാളിക്ക് സാധ്യമല്ലാത്തത് തേടി മായക്കാഴ്ചകളും ബലഹീനമായ മനസുമായുള്ള യാത്രയുടെ ഫലം)." ശാസ്ത്രീയമായ കണക്കെടുപ്പിനും വിശദമായ പഠനത്തിനും ശേഷം മന:ശാസ്ത്രജ്ഞർ പുറത്തുവിട്ട ഞെട്ടിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമാണിത്.

റോമിൽ നടക്കുന്ന സിനഡ് കുടുംബത്തിന്റെ ശത്രുവായി ഈ തിന്മയെ എടുത്തുകാട്ടിയതിൽ അതിശയിക്കാനൊന്നുമില്ല. ആധുനിക ലോകത്തിലെ കുടുംബങ്ങളെ തകർക്കുന്ന വലിയ ശത്രുക്കളിലൊന്നിനെക്കുറിച്ച് സിനഡ് അവസാന ദിവസങ്ങളിൽ ചർച്ച ചെയ്തു. ഒരു പക്ഷേ, അമ്പതുവർഷം മുമ്പ് ഇത്രയധികമായി ഈ തിന്മയ്ക്കു സ്വാധീനമുണ്ടായിരുന്നില്ല. എന്നാൽ ഇന്ന് മെത്രാന്മാരുടെ സംഘം വത്തിക്കാനിൽ ഒരുമിച്ചുകൂടി ചർച്ച ചെയ്യാൻ മാത്രം ഈ ശത്രു വളർന്നിരിക്കുന്നു. എന്നു കേൾക്കുന്നതുതന്നെ ഭീകരമായിരിക്കുന്നു.

യുവജനങ്ങളും കൗമാരക്കാരും വിവാഹിതരായ ദമ്പതികളും പ്രായമായവർ പോലും ഈ തിന്മയ്ക്ക് അടിമപ്പെട്ടിരിക്കുന്നു എന്ന യാഥാർഥ്യം അംഗീകരിച്ചുകൊണ്ടായിരുന്നു സിനഡ് ചർച്ചകൾ. അമേരിക്കയിൽനിന്നുള്ള മെത്രാൻ സംഘമാണ് ഏറെയധികമായി ഈ വിപത്തിനെ ചൂണ്ടിക്കാട്ടിയതും. ആഗോളവത്ക്കരണത്തിന്റെയും സാങ്കേതിക മികവിന്റെയും നേട്ടങ്ങളിൽ കുപ്രസിദ്ധിയാർജിച്ച ഒരു തിന്മയാണ് ഇന്റർനെറ്റിൽ യാതൊരു നിയന്ത്രണവുമില്ലാതെ ലഭ്യമായിരിക്കുന്ന പോർണോഗ്രഫി.

ലൈംഗികതയെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾനൽകി കുടുംബങ്ങളെ തകർക്കുക എന്നുള്ളതാണ് പോർണോഗ്രഫി എന്ന തിന്മയുടെ ലക്ഷ്യം. ഒരു വ്യക്തി പോൺ വീഡിയോ കാണുമ്പോൾ അതിലൂടെ ലൈംഗികതയെക്കുറിച്ച് വികലമായ, എന്നാൽ സമ്പൂർണം എന്നു

തെറ്റിദ്ധരിപ്പിക്കുന്ന ഒരു ഇമേജ് മനസിൽ രൂപപ്പെടുന്നു. വിവാഹത്തിന് മുമ്പാണെങ്കിൽ വിവാഹസമയത്ത് അത്തരമൊരു കാഴ്ചപ്പാടോടു കൂടിയാണ് അയാൾ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. വിവാഹിതരാണെങ്കിൽ ജീവിതപങ്കാളിയിൽനിന്ന് താൻ സമ്പൂർണം, പെർഫെക്ട് എന്നു കരുതിയിരുന്ന അത്തരമൊന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ, പോൺ വെറും മായയും കെട്ടിച്ചമച്ചതുമായതിനാൽ അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സുഖാന്വേഷണം സകലരെയും അസംതൃപ്തിയിലേക്ക് നയിക്കും. അങ്ങനെ യുവജനങ്ങളുടെയും ദമ്പതികളുടെയും ജീവിതം തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കും. കുടുംബജീവിതത്തിൽ ലൈംഗിക വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രതിസന്ധികൾ നേരിടുന്ന 90 ശതമാനം വ്യക്തികളുടെയും മനസിൽ അവർ സ്ഥിരമായി കാണുന്നതോ, മുമ്പ് കണ്ടതോ ആയ പോർണോഗ്രഫിയാണ് കാരണമായി നിൽക്കുന്നത് എന്ന് മനസിലാക്കണം. ദാമ്പത്യബന്ധത്തിൽ അവിശ്വസ്തത പുലർത്തുന്ന നൂറിൽ തൊണ്ണൂറ്റിയൊമ്പതുപേരും പോർണോഗ്രഫിയ്ക്ക് അടിമകളാണ് എന്നു കേൾക്കുമ്പോൾ കുടുംബബന്ധങ്ങൾ തകർക്കാൻ അത് എത്രകണ്ട് ശക്തമാണെന്ന് മനസിലാക്കുക. പോർണോഗ്രഫി മനുഷ്യന്റെ ലൈംഗികജീവിതത്തിന്റെയും സ്വസ്ഥതയുള്ള കുടുംബജീവിതത്തിന്റെയും ശത്രുവാണ്. നിരീക്ഷണങ്ങൾ നടത്തിയത് അമേരിക്കൻ ആർച്ച് ബിഷപ്പ് ഷാപുത് ആണ്.

യഥാർത്ഥ സന്തോഷം യാഥാർത്ഥ്യവുമായി ബന്ധപ്പെട്ടതാണ്. മായയായ കാഴ്ചകൾക്ക് അതുനൽകാൻ സധിക്കുമെന്ന് മനുഷ്യനെ പിശാച് തെറ്റിദ്ധരിപ്പിക്കുന്നു. പോർണോഗ്രഫി ജനിപ്പിക്കുന്ന അടിമത്തം തന്നെ പിശാചിന്റെ റോൾ വ്യക്തമാക്കുന്നു. മദ്യം, അമിതമായ ഭക്ഷണം തുടങ്ങി മനുഷ്യനെ അടിമപ്പെടുത്തുന്ന സകല തിന്മകളും പിശാചിന്റെ ആയുധങ്ങളാണ്. എന്നാൽ, വളരെ മാന്യന്മാരെന്ന് മറ്റുള്ളവർ വിലയിരുത്തുന്ന അനേകർ പോർണോഗ്രഫി എന്ന തിന്മയ്ക്കടിമകളാണ് എന്നു മനസിലാക്കുമ്പോൾ പിശാച് ഈ മേഖലയിൽ എത്രയധികമായി കൈകടത്തിയിരിക്കുന്നു എന്ന് നമുക്ക് മനസിലാക്കാം.

''ആർക്കും ഒരു ദ്രോഹവും ചെയ്യാത്ത വളരെ സ്വീകാര്യമായ ഒരു പ്രവർത്തി യാണിതെന്നുള്ള വാദം പിശാച് കൊണ്ടുവരുന്ന വലിയൊരു നുണയാണ്.'' ആർച്ച് ബിഷപ്പ് ജോസ് ഗോമസ് വ്യക്തമാക്കി. ''ഇതൊരു സാമൂഹ്യവിപത്താണ്. വ്യക്തികളെ കാർന്നുതിന്നുന്നതു കൂടാതെ കുടുംബത്തെയും സമൂഹത്തെയും ഇത് മലിനമാക്കുന്നു. പോൺ വ്യവസായവും, മാംസക്കച്ചവടവും, കുട്ടികളെ ലൈംഗികമായി ദുരുപയോഗിക്കുന്നതും തമ്മിൽ വലിയ ബന്ധമുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. പോർണോഗ്രഫിയ്ക്ക് അടിമയായ വ്യക്തിയുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു. എതിർലിംഗത്തിലുള്ള ആരെക്കണ്ടാലും ആ കണ്ണുകളിലൂടെയേ അയാൾക്ക് കാണാനാവൂ. ദൈവം നൽകിയ ലൈംഗികത എന്ന ദാനത്തെ ദുരുപയോഗിക്കാൻ മനുഷ്യനെ നിർബന്ധിക്കുന്ന മയക്കുമരുന്നാണ് പോർണോഗ്രഫി.''

അമേരിക്കയിൽ കുടുംബങ്ങൾ നേരിടുന്ന ഈ പ്രതിസന്ധി വളരെ വലുതായതിനാൽ യു.സ്. ബിഷപ്സ് കോൺഫറൻസ് ഈ തിന്മയെ പ്രതിരോധിക്കാൻ ഒരു ഡോക്യുമെന്റുതന്നെ പുറത്തിറക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ''മനുഷ്യന്റെ ലൈംഗികതയെക്കുറിച്ചുള്ള കാഴ്ചപ്പാടുതന്നെ വികലമാക്കുന്നതിൽ പോർണോഗ്രഫി വിജയിച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല. അത്തരം വികലമായ കാഴ്ചപ്പാടുകളുമായി കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുകയോ, കുടുംബബന്ധങ്ങൾ നയിക്കാൻ ഉദ്യമിക്കുകയോ ചെയ്യുന്നവരുടെ പരാജയം എടുത്തുപറയേണ്ടതില്ലല്ലോ.'' കർദ്ദിനാൾ ഡാനിയേൽ ഡി നാർഡോ പറഞ്ഞു. പോർണോഗ്രഫി വലിയൊരു ബിസിനസ്സ് മേഖലയാണ്. ടെലിവിഷൻ ചാലനുകളും, കേബിൾ നെറ്റ് വർക്കുകളും വെബ്സൈറ്റ് ഭീമന്മാരും, ഹോട്ടലുകളും ഇതിനെ മുതലെടുക്കുന്നു. അതിനുപിന്നിൽ നടക്കുന്ന മാംസക്കച്ചവടത്തിന്റെ ലാഭങ്ങൾ വേറെയും. മനുഷ്യനെ എളുപ്പം തെറ്റിൽ വീഴ്ത്തുവാൻ ലൈംഗികതയെ ഉപയോഗിക്കാമെന്നതിനാൽ പിശാചും ഇതിനെ ശക്തമായി ഉപയോഗിക്കുന്നു. അനേകരുടെ വ്യക്തിജീവിതത്തിന്റെ യഥാർത്ഥ സന്തോഷവും സമാധാനവും സ്വാതന്ത്ര്യവും നശിപ്പിക്കുന്നതിനും അതിലൂടെ തിന്മനിറഞ്ഞ ഒരു സമൂഹം രൂപപ്പെടുത്തുന്നതിനും. കുടുംബജീവിതത്തിലും ഈ തിന്മ യഥാർത്ഥ സന്തോഷത്തെ അകറ്റി മിഥ്യയായ മരീചികകൾക്കുവേണ്ടിയുള്ള ഓട്ടത്തിൽ കൊണ്ടെത്തിക്കുന്നു. കൗമാരക്കാരിലും

യുവജനങ്ങളിലും വർധിച്ചുവരുന്ന ഈ തിന്മ അവരുടെ ഭാവി നശിപ്പിക്കുകയും മാതാപിതാക്കളും സഹോദരങ്ങളുമായുള്ള ബന്ധത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

''ഇന്നത്തെ തലമുറയോട് എന്തിനാണ് വിവാഹം കഴിക്കുന്നത് എന്നൊരു ചോദ്യം ചോദിച്ചാൽ വ്യക്തമായ മറുപടി പറയാനില്ലാതെ പലരും കുഴങ്ങുന്നത് കാണാം. കാരണം, ജീവിതപങ്കാളിയും കുട്ടികളും അടങ്ങുന്ന ഒരു കുടുംബം രൂപീകരിക്കാൻഎന്ന സരളമായ ഉത്തരം പോലും ആർക്കും നൽകാനാകുന്നില്ല. ജീവിതപങ്കാളിയുമായി സ്നേഹം പങ്കുവയ്ക്കാനും, ദൈവം തരുന്ന കുഞ്ഞുങ്ങളെ സ്വീകരിക്കാനുമായി ദൈവം നൽകിയിരിക്കുന്ന ലൈംഗികത എന്ന മഹത്തായ ദാനത്തെ വികലമായ കാഴ്ചപാടുകളുടെ കുമ്പാരമാക്കിയതിൽ പോൺ വ്യവസായത്തിന്റെ പങ്ക് വളരെ വലുതാണ്.'' സിനഡിൽ പങ്കെടുത്ത ഓഡിറ്റർമാരായ അത്മായ സഹോദരങ്ങളുടെ ഇക്കാര്യത്തെക്കുറിച്ചുള്ള വിലയിരുത്തലും ശ്രദ്ധേയമായി.

ചുരുക്കത്തിൽ പോർണോഗ്രഫി ലൈംഗികതയെക്കുറിച്ചുള്ള തെറ്റായ കാഴ്ചപ്പാ ടുകൾ ഒരു വ്യക്തിയിൽ കുത്തിനിറയ്ക്കാൻ സഹായിക്കും. അത്തരമൊരു അറിവ് ലഭിച്ചാൽ പിന്നീട് യഥാർത്ഥ കുടുംബജീവിതത്തിൽപോലും ഈ തിന്മ ഒരു വ്യക്തിയെ വേട്ടയാടിക്കൊണ്ടിരിക്കും. അതുകൊണ്ട് കേവലം കാഴ്ചയുടെ മലിനീകരണമായി മാത്രം അതിനെ കാണരുത് വ്യക്തിത്വത്തിന്റെ ശിഥിലീകരണവും മനസുറപ്പില്ലാത്ത സമൂഹത്തിന്റെ ആവിർഭാവവുമാണ് ഈ തിന്മയുടെ ബാക്കിപത്രം. പലപ്പോഴും ദാമ്പത്യബന്ധത്തിൽ ഉപകരിക്കുമെന്നുള്ള തെറ്റിദ്ധരിപ്പിക്കപ്പെട്ട ഉപദേശത്തിന്റെ പേരിലാണ് ചില ദമ്പതികളെങ്കിലും ഈ തിന്മയെ ഒരുമിച്ച് ആശ്ലേഷിച്ചിട്ടുള്ളത്. എന്നാൽ, പോർണോഗ്രഫി കാണുന്നവരിൽ ഉണ്ടാകുന്ന, മന:ശാസ്ത്രപരമായി നൂറുശതമാനം ശരിയെന്ന് തെളിയിക്കപ്പെട്ട ഒരു ലക്ഷണമുണ്ട്; അത് ജീവിതപങ്കാളിയുമായുള്ള ലൈംഗികബന്ധത്തിലെ അസംതൃപ്തിയാണ്; അതിന്റെ തുടർച്ച ദാമ്പത്യ അവിശ്വസ്തതയും. അതു കുടുംബബന്ധങ്ങളെ തകർക്കാൻ എത്ര പര്യപ്തമാണെന്ന് അനേകം ശിഥിലമായ കുടുംബങ്ങളുടെ സാക്ഷ്യങ്ങൾ വ്യക്തമാക്കുന്നു.

Please visit below website to save the life from these addictions

http://reclaimsexualhealth.com/